(എൻെറ ഓർമ്മയിലെ ഓണം)

# മാവേലി പ്രത്യക്ഷപ്പെട്ടപ്പോൾ



ഏലിയാമ്മ ഈപ്പൻ, ന്യൂഹൈഡ് പാർക്ക്, ന്യൂയോർക്ക്



കുട്ടിക്കാലത്തെ ഓണം ഓർമ്മകളിൽ നിന്നും ഇന്നും മായാതെ നിൽക്കുന്ന ഒന്നുണ്ടു. ഒരു ക്രുസ്ത്രീയ കുടുമ്പത്തിൽ ജനിച്ചെങ്കിലും എൻെറ വീടിനു ചുറ്റും ഹിന്ദു കുടുമ്പങ്ങളും അവിടത്തെ സമപ്രായക്കാരായ ബാലികമാർ എൻെറ കൂട്ടുകാരികളുമായിയുണ്ടായിരുന്നു.മുടിയിൽ പൂവ് ചൂടി, നെറ്റിയിൽ പൊട്ടുതൊട്ടു വരുന്ന അവരെ കാണുമ്പോൾ എനിക്കും അങ്ങനെ അണിഞ്ഞൊരുങ്ങാൻ കൊതി തോന്നാറുണ്ടു. അതൊന്നും അമ്മ സമ്മതിക്കുകയില്ലെങ്കിലും ഓണത്തിനു പൂവ്വിറുക്കാനും, അവരുടെ കൂടെ പൂക്കളുമുണ്ടാക്കാനും ഞാൻ പോകുന്നതിൽ അമ്മക്ക് വിരോധമില്ലായിരുന്നു.

എൻെറ അയൽപക്കത്തെ ശാന്തയും ഞാനും കൂടി പൂക്കളം മോടി പിടിപ്പിക്കുമ്പോൾ അവൾ പറയും തിരുവോണ ദിവസം രാവിലെ മഹാബലി എഴുന്നെള്ളും, വലിയ കുടവയറും, ചന്ദനക്കുറിയും തലയിൽ കിരീടവും ഓലക്കുടയുമൊക്കെയായി. കുഞ്ഞുമോൾക്കും കഴുത്തിലെ കുരിശ് മാല ഊരിവച്ച് നോക്കിയാൽ അദ്ദേഹത്തെ കാണാം.

നേരാണോ ശാന്തേ? എനിക്ക് കാണാൻ സാധിക്കുമോ?

പറ്റും, പറ്റും, എൻെറ മുത്തശ്ശിയാ പറഞ്ഞത്. ശാന്തക്ക് ഒരു സംശയവുമില്ലായിരുന്നു.

അത് കേട്ടത് മുതൽ ഞാൻ മനസ്സിൽ കണക്ക്കൂട്ടി കാത്തിരുന്നു. തിരുവോണദിവസം രാവിലെ അവളുടെ പൂക്കളത്തിനടുത്ത് പോയി

നിൽക്കണം. മഹാബലിയെ കാണാമല്ലോ? ഞാൻ ആരോടും അതെപ്പറ്റി മിണ്ടാതെ ഓരോ ദിവസവും തള്ളി നീക്കി..

അങ്ങനെ തിരുവോണദിവസം വന്നു. ഞാൻ രാവിലെ ഏണീറ്റ് കുരിശ്



മാല അമ്മയുടെ ആഭരണപ്പെട്ടിക്കകത്ത് വച്ച് ശാന്തയുടെ വീട്ടിലേക്ക് മെല്ലെ മെല്ലെ നടന്നു. അപ്പോൾ ചന്നം പിന്നം മഴയുണ്ടായിരുന്നത് കൊണ്ട് ആരും പുറത്തില്ല. ഞാൻ പൂക്കളത്തിനടുത്ത് എത്തിയപ്പോൾ ദാണ്ടെ, ശാന്ത പറഞ്ഞ പോലെ ഒരു കുടവയറൻ, ചന്ദനകുറി, കുട, കസവ്മുണ്ട്, കയ്യിൽ ഒരു പിച്ചള പാത്രവുമൊക്കയായി വീട്ടിലേക്ക് കയറി വരുന്നു. ഇത് മഹാബലി തന്നെ. എന്റെ കുഞ്ഞ് മനസ്സ് മന്ത്രിച്ചു. ഞാൻ അൽഭുതത്തോടെ അദ്ദേഹത്തെ നോക്കി നിന്നു. എന്റെ അമ്പരപ്പും ചുണ്ടിൽ വിരിയുന്ന പുഞ്ചിരിയും കണ്ട് മഹാബലി ചോദിച്ചു

“ എന്താ കൊച്ചേ, എന്തു വേണം”

എനിക്ക് സന്തോഷം അടക്കാൻ കഴിഞ്ഞില്ല. ഞാൻ ചോദിച്ചു– ”പാതാളത്തിൽ നിന്നും ഏത് വഴിക്കാണ് ഇവിടെ എത്തിയത്“

പാതാളത്തിൽ നിന്നോ?

അതേ... ... മഹാബലിയല്ലേ...?

അദ്ദേഹം കുടവയർ കുലുങ്ങെ ചിരിച്ചു. ചിരി കേട്ട് വീടിനകത്തുള്ളവർ പുറത്ത് വന്നു. ശാന്തയെ കണ്ടപ്പോൾ എനിക്ക് സന്തോഷമായി.

ഞാൻ അവളോട് പറഞ്ഞു : നീ പറഞ്ഞത് നേരാ...കണ്ടോ മഹാബലി. അത് കേട്ട് അവളും ചിരി തുടങ്ങി..

ചിരി നിർത്താൻ പാട് പെട്ടുകൊണ്ട് അവൾ പറഞ്ഞു. ” എടീ മണ്ടി അത് എന്റെ ദെൽഹിയിലുള്ള അമ്മാവനാ. ഇന്ന് പുലർച്ചെക്കെത്തി. അമ്പലദർശനം കഴിഞ്ഞ് വരികയാണ്.

ഓരോ ഓണം കഴിഞ്ഞ് പോകുമ്പോഴും ഞാൻ ഈ കാര്യം ആലോചിച്ച് ചിരിക്കുകയും, ചിന്തിക്കുകയും ചെയ്യാറുണ്ട്.

*****************